14 (*270) ജനകീയാസൂത്രണ പദ്ധതിപ്രകാരം ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

ശ്രീ. പാലോട് രവി :
ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ അർഹരായി ഉൾപ്പെടുത്തിയ ഉപഭോക്താക്കൾക്ക് പല ഗ്രാമ പഞ്ചായത്തുകളും ആനുകൂല്യങ്ങളുടെ വിതരണം പൂർണ്ണമായും നൽകിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം ആനുകൂല്യവിതരണം പൂർത്തിയാകാത്ത എത്ര പഞ്ചായത്തുകളുണ്ട്;

(സി) വിതരണം ചെയ്യാത്ത തുക ഏതു ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്;

(ഡി) നിശ്ചിത കാലാവധിക്കുള്ളിൽ ആനുകൂല്യ വിതരണം പൂർത്തിയാകാത്ത പഞ്ചായത്തുകളുടെ മേൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) സർക്കാരിൽ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ചെലവഴിക്കപ്പെടാത്ത തുക പഞ്ചായത്തു ഫണ്ടിൽ തന്നെ നില നിർത്തുന്നതാണ്.

(ഡി) പദ്ധതി നിർവ്വഹണ കാലാവധിക്കുള്ളിൽ ചെലവഴിക്കപ്പെടാത്ത തുക പദ്ധതി ചെലവിൽ ഉൾപ്പെടുത്തുകയില്ല. നിശ്ചിത ശതമാനം തുക ചെലവു ചെയ്യാത്ത അത്തരം സ്ഥാപനങ്ങളുടെ അടുത്ത വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും മുൻവർഷത്തെ നിശ്ചിത ശതമാനത്തിൽ കുറവായ ത്രയും തുക കുറവു ചെയ്യുന്നതാണ്.

15 (*271) ജനകീയാസൂത്രണ പരിപാടി വിലയിരുത്തുന്നതിനുള്ള സമിതി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ്:
ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടി അനുസരിച്ച് ഓരോ വർഷവും ചെലവഴിക്കുന്ന തുകയ്ക്ക് അനുസരിച്ചുള്ള പുരോഗതി സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly